## 1

ധയൗവനയുക്തയായ കന്യക വസന്താരംഭത്തിൽ പ്രകൃതിയുടെ ഭാവപ്പകർച്ച കണ്ടു രോമാഞ്ചമണിഞ്ഞു നിൽക്കുന്നു.പ

പുതിയ വസന്തപ്പുലരിയിതിൽ
പൂത്തതെല്ലാം പാരിജാതം,
കായ്ച്ചതെല്ലാം കൽപ്പകവൃക്ഷം,
വായ്ച്ചതെല്ലാം സന്തോഷം. (പുതി)

അല്ലലില്ലൊരു കവിളത്തും
അലമുറയില്ലൊരു ചുണ്ടത്തും
കണ്ണുനീരിൻ തുള്ളിയില്ലൊരു
കടമിഴിമുനതന്നറ്റത്തും. (പുതി)

ആൺകുയിലുണ്ടേ പാടുന്നു
ആകാശത്തും ഭൂമിയിലും,
ഇരവെന്നില്ലാ പകലെന്നില്ലാ
കരൾ മുങ്ങുന്നൂ തേൻകടലിൽ. (പുതി)

## 2

ധരോമാഞ്ചത്തിന്നുശേഷം അവളുടെ ചിന്ത ഉണരുകയാണ്.പ

കഴിഞ്ഞ മാസം വന്നപ്പോളീ
കാട്ടിലൊരൊറ്റപ്പൂവില്ല,
വിരിയാവുന്നൊരു മൊട്ടില്ല,
വിരിഞ്ഞു വാടിയൊരിതളില്ല. (കഴി)

എവിടുന്നെങ്ങനെ വന്നെത്തീ,
എപ്പോളെന്തിനു വന്നെത്തീ,
ഈ മാസം വന്നപ്പോഴേയ്-
ക്കീക്കാണും പൂങ്കുലകൾ? (കഴി)

എന്തൊരു മോഹനവർണ്ണവിലാസം,
എന്തൊരു പരിമളപൂരം!
ആർക്കറിയാമീ പ്രകൃതീശ്വരിതൻ
അകത്തിരിക്കും സാരം! (കഴി)

## 3

ധപെട്ടെന്നതാ, ഒരു വണ്ടു മൂളിക്കൊണ്ടു കന്യകാസന്നിധിയിലെത്തുന്നു. പൂതേടിപ്പോകുന്ന ആ ചങ്ങാതിയോട് അവൾ തന്റെ മനസ്സിൽ വസന്തം വന്നിട്ടും വിടരാത്ത നിഗൂഢതയുടെ കഥ പറയുന്നു:പ

ഉണ്ടൊരു ദുഃഖം, പൂതോറും തേ-
നുണ്ടു നടക്കും വണ്ടേ,
പൂവിലിരിക്കും മധുപോലെന്നുൾ-
പ്പൂവിലിരിപ്പൂ പണ്ടേ. (ഉണ്ടൊ)

അതു വളരുന്നൂ ദിവസംതോറും,
അതു പെരുകുന്നൂ താനേ,
അതിലാഴുന്നൂ ലോക;-മക്കഥ
അറിവീലാരും തന്നെ. (ഉണ്ടൊ)

ഒരു നാളൊരു നാളാ മധു നുകരാൻ
ഒരു വണ്ടണയും ചാരേ;
ആണ്ടുപോകും ഞാനാ ഞൊടിയിൽ

ആനന്ദത്തേൻ കടലിൽ. (ഉണ്ടോ)

**4**

ധദുഃഖപാരവശ്യത്താൽ കാട്ടിൽ കിടന്നുറങ്ങിപ്പോയ കന്യകയെ അപരിചിതനായ യുവാവു കണ്ടുമുട്ടുന്നു.പ

കൂട്ടുകാരിയിൽനിന്നു വേർപെട്ടീ–
ക്കാട്ടിൽ വീണു കിടപ്പവളാരോ?
ഏണനേർമിഴിപ്പോളകൾ പൂട്ടി
വീണുറങ്ങുന്ന പെൺകിടാവാരോ? (കൂട്ടു)

കാട്ടുപൂക്കൾതൻ സൗരഭമേന്തി
പാട്ടു മൂളി നടന്നിടും കാറ്റേ,
മന്ദമന്ദം തലോടുക നീയീ
ചന്തമേറും തളർച്ചയെച്ചാലേ. (കൂട്ടു)

ചോലയിങ്കൽക്കുളിച്ചു നിലാവാൽ–
ച്ചേല ചുറ്റി വരും കുളിർകാറ്റേ,
നീയിവളെപ്പരിചരിച്ചാകിൽ
നീണാൾ നിന്നിൽക്കനിഞ്ഞിടും ദൈവം. (കൂട്ടു)

**5**

ധഅജ്ഞാതയായ കന്യക ഉണർന്നെഴുനേറ്റു. അപരിചിതൻ അവളോടന്വേഷിക്കുന്നു.പ

കുയിൽ പാടും കാടുകളിൽ
മയിലാടും മേടുകളിൽ
മലർ നുള്ളാൻ വന്നവളോ നീ
മനോജ്ഞശീലേ, ബാലേ,
മനോജ്ഞശീലേ? (കുയി)

നരിയില്ലേ സിംഹമില്ലേ
പുലിയില്ലേ ചെന്നായില്ലേ
മരങ്ങളിൽ തൂങ്ങിനിൽക്കും
മലമ്പാമ്പില്ലേ, ഇവിടേ
മലമ്പാമ്പില്ലേ? (കുയി)

ഇരുളെന്ന കാളസർപ്പം
ധരണിയെ വിഴുങ്ങിയിട്ടും
തനിയേ നീ നിൽക്കുവതെന്തീ
വനാന്തരത്തിൽ, ഘോര–
വനാന്തരത്തിൽ? (കുയി)

**6**

ധഒരു യുവാവു വന്ന് അങ്ങനെ ചോദിക്കുമ്പോൾ ഏതു കന്യകയ്ക്കാണ്, മനസ്സിലൊരു കിളി പാടുന്നു എന്നു തോന്നിയിട്ടില്ലാത്തത്?പ

പൊന്നാരക്കിളി പാടുന്നുണ്ടൊ,രു
കിന്നാരം കുളിർ വീശുന്നു. (പൊന്നാ)

കാട്ടിലല്ലാ, മേട്ടിലല്ലാ,
നാട്ടിലല്ലാ, കൂട്ടിലല്ലാ,
രാഗമില്ലാ, താളവുമില്ലാ,
നാദമില്ലാ, ചലനവുമില്ലാ, (പൊന്നാ)

ചിമ്മിനിൽക്കും കൺകളിലൂടെ

ചിന്തീടുന്ന കടാക്ഷംപോലെ,
തമ്മിലിറുകിയ ചെഞ്ചുണ്ടുകളിൽ
തഞ്ചീടും നറുമുറുവൽകണക്കെ. (പൊന്നാ)

മൂകമാമൊരു നവരാഗത്തിൻ
ശോകമുണ്ടതിലലകടൽപോലെ
പൊന്തീടുന്നൂ താഴുന്നൂ ഞാൻ
പൊങ്ങുപോലതിലൊഴുകീടുന്നൂ (പൊന്നാ)

**7**

ധപക്ഷേ അവളൊന്നും പറയാൻ ശക്തയല്ല. ആ അശക്തി കണ്ടപ്പോൾ അപരിചിതനും നിശ്ശബ്ദനായി. എന്നിട്ടെന്തു പ്രയോജനം? രണ്ടുപേരുടെയും ഹൃദയങ്ങൾ ഉറക്കെ പാടിക്കൊണ്ടിരുന്നു.പ

**സ്ത്രീയും പുരുഷനും:**

കന്മദമുറയും പാറയ്ക്കരികെ
കതിരോൻ പൊന്നൊളി വീശിയനേരം
കണ്ടുമുട്ടിയ നിൻമിഴിമുനയാൽ
വിണ്ടുപോയെൻ ഹൃദയം (കന്മദ)

**പുരുഷൻ:**

കറുത്ത പൊന്നുകൾ വിളയും കാട്ടിൽ
കണ്ണുമിഴിച്ചോളേ, സത്യം.

**സ്ത്രീ:**

കൽപ്പകവൃക്ഷത്തണലിൽ കടലിൻ–
കരയിൽ മുതിർന്നോനേ, സത്യം. (കന്മദ)

**പുരുഷൻ:**

കരളിലെ മുറിവിൽ പുരട്ടുവാൻ തേൻ
തരുമോ തളരും കാട്ടുപൂവേ?

**സ്ത്രീ:**

പകരം തരുമോ നീയൊരിത്തിരി
പഞ്ചസാര കരിമ്പിൻതുണ്ടേ? (കന്മദ)

**8**

ധഅൽപ്പനേരംമാത്രം നിലനിന്ന ആ യാദൃച്ഛികാനുഭവം കന്യകയുടെ മനസ്സിൽ ഊറിക്കിടന്നു. കാലാന്തരത്തിൽ അതൊരു മധുരസ്വപ്നമായവതരിച്ചു. തലേന്നുണ്ടായ സ്വപ്നത്തിന്റെ കഥ പിറ്റേന്നു സഖിയോടു പറയുകയാണ്, നായിക.പ

ഞാനുറങ്ങും സമയത്താരോ
വീണ മീട്ടീ ഹൃദയത്തിൽ?
പീനരാഗധ്വനിപോലാരോ
തേനൊഴുക്കീ കദനത്തിൽ? (ഞാനു)

കണ്ടു ഞാനാ നിമിഷം കരളിൽ
ചുണ്ടമർത്തും പുളകത്തെ,
കേവലത്വക്കോവിലിലമരും
ജീവകരുണാപൂരത്തെ. (ഞാനു)

നാകമേ, നിൻമധുരനിലാവിൽ
ആകുലിയില്ലാ നിഴൽ വീശാൻ;
ധീരതേ, നിൻ പാലലകടലിൽ
ക്രൂരതയില്ലാ കരിപൂശാൻ (ഞാനു)

**9**

ധഎല്ലാ വീടുകളും ഇരുളിന്റെ നിശ്ശബ്ദതയിലാണ്ടു. എന്നിട്ടും ഒരു വീടിന്റെ ഉമ്മറവാതിൽ തുറന്നുതന്നെ കിടന്നു. അകത്തൊരു വിളക്കെരിയുന്നു. കന്യകയുടെ കണ്ണുകൾ തിളങ്ങുന്നു. ഏതോ വഴിപോക്കൻ വാത്സല്യത്തോടും

നർമ്മത്തോടും കൂടി മനസാ മന്ത്രിക്കുകയാണ്.പ

കരളിലുദിക്കും രാഗത്താൽ
കടമിഴി മിന്നും ബാലേ,
ആതിരപ്പൊൻതാരം പോൽ നീ
ആരെക്കാത്തു വസിക്കുന്നു? (കര)

കുടിലുകളെല്ലാം പൂഴ്ന്നൂ
കൂരിരുട്ടിന്നുള്ളിൽ.
മണ്ണെണ്ണച്ചെറുനാളങ്ങൾ
കണ്ണടച്ചൂ നീളെ. (കര)

അണയില്ലിനിയിപ്പാതിരനേര–
ത്താരായാലും നിൻമാരൻ;
കണ്ണിലെ വാതിലടച്ചാലും നീ,
കണ്ണീർത്തുള്ളി തുടച്ചാലും. (കര)

**10**

ധമധുമാസരാത്രിയിൽ മ്ലാനയും ഏകാകിനിയുമായി മാളികപ്പുറത്തിരിക്കുന്ന നായികയുടെ അടുത്തു ചെന്നു സഖി ഓർമ്മപ്പെടുത്തുകയാണ്.പ

മാധവമാസവിലാസം, പുതിയൊരു
മാനസോല്ലാസം; തോഴീ,
വനചന്ദ്രികയിൽ ചാടി നീന്താൻ
വരുമോ, വേഗം വരുമോ? (മാധ)

നൂറുപൂക്കൾ വിരിഞ്ഞൂ...... ഇരു–
നൂറു സുരഭിലകാന്തി ചൊരിഞ്ഞൂ.
ആയിരം കുയിൽ പാടീ.....പതി–
നായിരം സ്വരമോടി പൊഴിഞ്ഞു (മാധ)

മണിമാളികയും കാഞ്ചനമോഹന–
മണിമാലകളും വ്യർത്ഥം:
ഈ മുഹൂർത്തം കൈവെടിഞ്ഞാൽ
ഇല്ല തോഴീ, മോചനം! (മാധ)

**11**

ധരാത്രി ഒറ്റയ്ക്കിരുന്നു മുഷിഞ്ഞ നായികയ്ക്ക്, കൂട്ടിലുറങ്ങുന്ന തത്തയുടെ രൂപം കണ്ണിൽ വന്നു വീണപ്പോൾ, അപ്രതീക്ഷിതമായി ഒരുന്മേഷം ഉളവായി.പ

കണ്ടേൻ,.... കണ്ടേനേ ഞാനേ,
കണ്ടുപിടിച്ചേനേ,..... നിന്നെ
കണ്ടു രസിച്ചേനേ,..... നിറയെ
കണ്ടു രമിച്ചേനേ. (കണ്ടേ)

കൂട്ടിനുള്ളിലുറങ്ങും തത്തേ,
പാട്ടു പാടാനുണരും മുത്തേ,
പഞ്ചവർണ്ണച്ചിറകുള്ളവനേ,
പുഞ്ചനെല്ലു കൊറിക്കുന്നവനേ, (കണ്ടേ)

ഭദ്രമായെൻ ഹൃദയനഭസ്സിൽ
സദ്രസം നീ വിഹരിച്ചാലും
നിദ്ര വന്നെൻമിഴിയിൽച്ചുംബന–
മുദ്രവെയ്ക്കും നാഴികവരെയും (കണ്ടേ)

**12**

ധമനുഷ്യഹൃദയം ഒരു തത്തക്കൂടാണ്. ആനന്ദം അതിലെ തത്തയും. പാലും പഴവും കൊടുത്തു പോറ്റിയാൽ അതു പാടും. ആ പാട്ടു നദിപേലെ ഒഴുകുമ്പോൾ ഇരുകരയിലും പച്ചനാമ്പുകൾ കിളിർക്കുന്നു. ആനന്ദം സൗന്ദര്യമായും സൗന്ദര്യം

ത്യാഗമായും മാറുമ്പോൾ ശ്രേയസ്സുത്ഭവിക്കുന്നു... കന്യക തത്തയോടു പറയുകയാണ്.പ

ഞാനറിയാതെൻകരളിൻപൊത്തിൽ
വാണരുളീടും തത്തമ്മേ,
മധുരം വഴിയും പാലും പഴവും
മതിയാവോളം തരുവേൻ ഞാൻ. (ഞാന)

പാലും പഴവും തിന്നു തെളിഞ്ഞെൻ
പച്ചക്കിളി നീ പാടുമ്പോൾ
കദനത്തിൻ മരുഭൂവിലുണ്ടേ
കളകല്ലോലിനിയുണരുന്നു. (ഞാന)

കല്ലോലിനിയിൽ പ്രേമനിലാവിൻ
വെള്ളിപ്പൊടി വീണുലയുമ്പോൾ
കരകളിൽ നീളേ ജീവാനന്ദം
ഹരിതദ്യുതികൾ വിരിക്കുന്നു. (ഞാന)

**13**

ധകാമുകന്റെ സമാഗമം പ്രതീക്ഷിച്ചുകൊണ്ടു സായംസന്ധ്യതോറും പടിക്കൽ ചെന്നു നില്ക്കുന്ന കന്യകയുടെ മുന്നിൽ പാറിക്കളിക്കുകയാണ് ഒരു തുമ്പി. അതിനെ കാണുമ്പോൾ അവളുടെ മിഴികൾ താനേ നിറഞ്ഞുവഴിയുന്നു.പ

കാനനപ്പൂന്തേനിനായി–
ട്ടോടി വരും തുമ്പീ,
കാണുമെന്നുൾക്കണ്ണിലെന്തേ
വേദന തുളുമ്പി? (കാന)

അന്തിപോൽ നീ കണ്ണിൽ
കാന്തി ചിന്തീ വിണ്ണിൽ,
എങ്കിലും ഞാൻ മണ്ണിൽ
സങ്കടത്തിൻ പുണ്ണിൽ. (കാന)

ഇന്നു വരും നാഥ–
നെന്ന വിചാരത്താൽ
നിന്നു ഞാൻ പടിക്കൽ–
ത്തന്നെയൊരു വർഷം. (കാന)

**14**

ധഒടുവിലവൾക്കു സംശയിക്കണമെന്നായി. തന്റെ മരണത്തിന്നുമുമ്പ് അദ്ദേഹം വരില്ലെന്നുണ്ടോ – ജന്മജന്മാന്തരങ്ങളായി താനാരെ കാത്തിരിക്കുന്നുവോ, ആ ദേഹം?പ

കരയുന്ന ഹൃദയം വിളിപ്പൂ: നീ വരുമോ
മരണത്തിൽ വീണിടുംമുമ്പേ...... ഞാൻ
മരണത്തിൽ വീണിടും മുമ്പേ? (കര)

ദേവ, ഞാനായിരമായിരം കൊല്ലമായ്
കേവലശൂന്യതപോലെ
താവകരൂപത്തെ താവകഭാവത്തെ
ധ്യാനിച്ചിരിക്കുകയല്ലേ! (കര)

കത്തും വിഷാദത്തിലെന്മനമാകവേ
പത്തരമാറ്റായ്ക്കഴിഞ്ഞു,
മുറ്റി മുറുകും പിരിയിലെന്നാത്മാവു
പൊട്ടും വിധവുമായ്ത്തീർന്നു. (കര)

**15**

ധഗ്രാമത്തിലിരിക്കുന്ന നായികയുടെ എന്നപോലെ, ദൂരദേശത്തിരിക്കുന്ന നായകന്റെയും ഹൃദയം അസ്വസ്ഥമായിരുന്നു. അവൻ വിചാരിക്കാറുണ്ടായിരുന്നു.പ

ഒളിചിന്നും മഞ്ഞ വെയിലിൽ
കളിയാടിയ വെണ്ണിലാവേ,
നീയെന്നിൽ കൊളുത്തിവെച്ച
നിമിഷം ഹാ പൊലിഞ്ഞുപോയി. (ഒളി)

എന്തിനായെൻ ഹൃദയകവാടം
ഉന്തിത്തുറന്നു വെറുതേ?
മരവിച്ച തമസ്സിലെന്തിനു
മധുരം നീ കൊളുത്തിവെച്ചു? (ഒളി)

അന്നോളം കണ്ടവരല്ലാ;
അതിനു പിമ്പും കണ്ടിട്ടില്ലാ;
അറിയാതെ ചെയ്തതാം നിൻ
അപരാധം ക്രൂരമാണേ! (ഒളി)

**16**

ധഇരിക്കപ്പൊറുതികെട്ട കാമുകൻ കാമുകിക്കെഴുതുന്ന കത്താണിത്.പ

ഹൃദയം കണ്ണീർ തൂകുമ്പോൾ
വദനം വാടിക്കുനിയുമ്പോൾ
കരളിൻ കിളിവാതിൽക്കൽ കേൾപ്പൂ
കളകള സംഗീതം...... സഖീ, നിൻ–
കളകളസംഗീതം. (ഹൃദ)
സംഗീതത്തിൽ മുഴുകുംനേരം
സന്ദർശിപ്പൂ നിന്നെ ഞാൻ
എന്നെച്ചുഴലും കൂരിരുട്ടിൽ
വന്നുദിച്ചൊരു കിരണംപോലെ. (ഹൃദ)

എന്തൊരഴകാണമലേ, നിന്റേ–
തെന്തൊരമൃതാണമ്പമ്പോ,
സന്താപത്തിലടിഞ്ഞിട്ടും ഞാൻ
സന്തോഷത്തിലൊലിക്കുന്നു. (ഹൃദ)

**17**

ധസുദീർഘപ്രവാസത്തിന്നുശേഷം സ്വദേശത്തേയ്ക്കു വരാൻ ഭാവിക്കുന്ന നായകനെക്കുറിച്ചുള്ള സ്മരണയാൽ ലഘുചിത്തയായിത്തീർന്ന നായിക തത്തയോടു പറയുന്നു.പ

പഞ്ജരത്തിലിരുന്നരുളീടും
പഞ്ചവർണ്ണക്കിളിയേ, കേൾ:
പരദേശം വിട്ടെന്റെ കണവൻ
തിരികെ വരുന്നൂ നാളെ. (പഞ്ജ)

ചന്ദനമുട്ടി കടഞ്ഞതുപോലെ
ചന്തം ചേരുമവന്റെ ശരീരം
നിന്നുടെ കരളിൽച്ചിത്രംപോലെ
നിൽപ്പതില്ലേ തങ്കം? (പഞ്ജ)

ആ മലരമ്പൻ വന്നണയുമ്പോൾ
ആലപിക്കണമൊരു നവഗാനം;
ഉരുവിട്ടുരുവിട്ടാ മൃദുഗാനം
കരളിലൊരുക്കിക്കൊള്ളൂ. (പഞ്ജ)

## 18

ധകാമുകിയുടെ അടുത്തേയ്ക്കു മടങ്ങിവരികയാണ് നായകൻ. കാട്ടിലൂടെ ഉച്ചച്ചൂടിലലയുന്ന നായകന്നു പാടുന്ന പൂഞ്ചോലകൂടി ഒരു കന്യകയാണ്.പ

കാട്ടിൽനിന്നു മൂളിടുന്ന
പാട്ടുകാരിപ്പെൺകിടാവേ,
പൂഞ്ചോലേ, പുളകദം നിൻ–
പുഷ്കലനാദം (കാട്ടി)

കരളിലുള്ള പൊരിവെയിലിൽ
കുളിരു പായുന്നൂ, ആഹാ,
കവിതകളായ് പൂനിലാവിൻ
കതിരുലാവുന്നൂ. (കാട്ടി)

പരിമളം കലർന്ന കാറ്റായ്
പാഞ്ഞു വന്നീടാൻ, നിന്നെ
ഇരുകരത്താൽ കോരി മോന്താൻ
പെരിയ പൈദാഹം. (കാട്ടി)

## 20

ധരാത്രി കാട്ടിലെ വഴിയിൽ തളർന്നിരുന്നുപോയ നായകൻ പൂനിലാവിലലിഞ്ഞു പാടുന്നു. പാട്ടവസാനിച്ചപ്പോൾ പ്രാതസ്സന്ധ്യയുമായി.പ

പൂനിലാവസ്തമിച്ചപ്പോൾ..... എന്റെ
ഗാനവും പാടേ നിലച്ചൂ;
വിണ്ണിലൊരായിരം താരം.... ചുടു–
കണ്ണീരുപോലെ വിളങ്ങി. (പൂനി)

കൂമ്പിത്തുടങ്ങുകയാണെൻ....മുന്നി–
ലാമ്പൽപ്പൂച്ചുണ്ടുകൾ നീളെ.
താമരച്ചുണ്ടോ, വിടർന്നൂ..... പുലർ–
ത്തൂമണം കാറ്റിൽ പൊഴിഞ്ഞൂ. (പൂനി)

വെള്ളിനക്ഷത്രം തെളിഞ്ഞൂ..... കിഴ–
ക്കെല്ലാം ചുവന്നുകഴിഞ്ഞൂ.
താരഗംഭീരമായ്ക്കൂവീടുന്നു
ദൂരത്തുണർന്ന പൂങ്കോഴി. (പൂനി)

## 20

ധകാരണവന്മാരുടെ ഹിതം എന്തെന്നറിയായ്കയാൽ ഖിന്നയായി വർത്തിക്കുന്ന നായികയോടു തോഴി ചെന്നു സന്തോഷവാർത്ത പറയുന്നു.പ

ആ മുഹൂർത്തം വന്നൂ തോഴീ,
കാമദേവൻ വന്നൂ നിന്നഭി–
രാമഭാവൻ വന്നൂ. (ആ മു)

വാടി വാടിക്കൊഴിയാറായൊരു
വാകപ്പൂവിതളൊളിപോലെ
ലോലമാമൊരു കാറ്റിൽപ്പോലും
ചൂളിനിന്നു വിറയ്ക്കും ബാലേ! (ആ മു)

താലികെട്ടുകയായീ നിന്നെ,
താവകപ്രിയപുരുഷൻതന്നെ.
കുങ്കുമപ്പൊട്ടണിയാറായീ;
കൺകളിൽ മയ്യെഴുതാറായീ. (ആ മു)

ഓമനച്ചിരി പെയ്തു നിരന്തര–
രോമഹർഷമണിഞ്ഞാലും നീ;
നിഷ്കളപ്രേമാമൃതമുണ്ടിനി
നിത്യതാരുണി പൂണ്ടാലും നീ. (ആ മു)

**21**

ധവിവാഹകാലത്തെ ഉത്കണ്ഠയും പ്രതീക്ഷയും കലർന്ന നിമിഷങ്ങളിലൂടെ കടന്നുപോരുന്ന യുവതീയുവാക്കളുടെ ഏകാന്തസമാഗമം.പ

**സ്ത്രീയു പുരുഷനും:**

വിവാഹകാലം വന്നു, തുറന്നൂ
വിദ്യുന്മയമാം ലോകം;
പഞ്ചമരാഗം പാടും കരളിൽ
പഞ്ചാരനിലാവായീ. (വിവാ)

**പുരുഷൻ**

പാതിമാത്രം കണ്ണു വിടർത്തിയ
പാതിരാപ്പൂപോലേ
ശ്വേതമോഹനതുഹിനം ചുറ്റിയ
ചോതിതാരം നിന്നൂ.

**സ്ത്രീയു പുരുഷനും:** (വിവാ)

**സ്ത്രീ**

പാതിമാത്രം കൊക്കു വിടർത്തിയ
പാതിരാക്കുയിൽപോലേ
കാനനാന്തരകുല്യ പൊഴിപ്പൂ
ഗാനവൈഖരി ദൂരേ. (വിവാ)

**സ്ത്രീയും പുരുഷനും:**

വെള്ളിമീനുദിക്കും മുമ്പേ
വെള്ളകീറീ വാനം;
കണ്ണുനീരോടൊപ്പം വന്നൂ
കന്രമന്ദഹാസം. (വിവാ)

**22**

ധവധൂവരന്മാർ ഏകസ്വരത്തിൽ പുതുപൂക്കളെ അഭിവാദ്യം ചെയ്യുന്നു. പ്രേമത്തിന്റെ ഭാഷ മനസ്സിലാക്കാനുള്ള ഉദാരത കാണിച്ച പൂക്കൾക്ക് അവർ ശാശ്വതികത്വം നൽകുകയാണ്.പ

**സ്ത്രീയും പുരുഷനും ഒന്നിച്ച്:**

ഇന്നു പുലർച്ചെക്കണ്ണു വിടർത്തിയ
പൊന്നാരപ്പൂംതൊത്തേ,
നിങ്ങളെ ഞങ്ങളിറുക്കും കോർക്കും
നിത്യതയിന്മേൽ നേർത്തേ. (ഇന്നു)

**സ്ത്രീ:**

നമ്മുടെ നറുമൊഴി കേൾക്കെപ്പൂവുകൾ
നന്മൃദുഹാസം പൊഴിവൂ.

**പുരുഷൻ:**

പുതുമഞ്ഞിൻപൊടി പൂശുംപോലവ
പുളകംകൊൾവൂ മൂകം.

**സ്ത്രീയും പുരുഷനും ഒന്നിച്ച്** (ഇന്നു)

**പുരുഷൻ:**
മാല കോർക്കാൻ വൈകീ തോഴീ,
വാടിയാലോ പൂക്കൾ?

**സ്ത്രീ:**
രാഗഭാസ്കരകിരണം വീണൂ,
വാടലില്ലിനി മേലിൽ.

**സ്ത്രീയും പുരുഷനും ഒന്നിച്ച്:** (ഇന്നു) അനേകവർഷം കാത്തിട്ടൊടുവാ
മനോജ്ഞനാകം വന്നൂ:
കനത്ത കണ്ണീരൊപ്പിയെടുത്തൂ
നനുത്ത ചുണ്ടാൽക്കാലം! (ഇന്നു)

**23**

ധതേൻ കുടിക്കണമെന്നേ വണ്ടിന്നുള്ളു; എന്നാൽ താമരയുടെ ഇച്ഛ കൂടുതൽ വ്യാപ്തിയുള്ളതാണ്. അതിനാലതു വണ്ടിനെ അകത്തിരുത്തി കൂമ്പിപ്പോയി.പ

തൂമധുവുണ്ണാൻ ചെന്നൂ വണ്ടൊരു
താമരമലരിന്നുള്ളിൽ
തൂമധു തീരുംമുമ്പേതന്നേ
താമര കൂമ്പിപ്പോയീ. (തൂമ)

''വിടരൂ, വിടരൂ, താമരേ, നീ.....''
വിളിച്ചുചൊല്ലീ ഭൃംഗം;
ആടിയില്ലാ, കുലുങ്ങിയില്ലാ,
അനങ്ങിയില്ലാ സൂനം. (തൂമ)

''വിടൂ, വിടൂ, ഞാൻ പറന്നുപോട്ടേ.....''
പിടഞ്ഞു കേണൂ ഭൃംഗം;
കേട്ട ഭാവംപോലും തീരെ
കാട്ടിയില്ലാ സൂനം. (തൂമ)

**24**

ധനായകസമാഗമത്തിന്നു യാമമായിരിക്കുന്നു. കാത്തിരിക്കുന്ന നായിക ഒരു കുയിലിന്റെ കണ്ഠധ്വനിയാൽ ആകർഷിക്കപ്പെടുകയാണ്. ചരാചരങ്ങളെല്ലാം തങ്ങളെ സേവിച്ചു നില്ക്കുകയാണെന്നു തോന്നിപ്പോകുന്നു.പ

പൂങ്കുയിലേ, ചൊല്ലുമോ, നിൻ–
ചങ്കിനുള്ളിലീ മധുര–
ത്തേൻ കിനിയും പീപ്പിളി
തിരുകിവെച്ചതാരേ,
തിരുകിവെച്ചതാരേ? (പൂങ്കു)

പാതിരാവിൽ നീ കിനാവിൽ
പാടിടുമ്പോൾക്കാട്ടരുവി
മൂകതതൻ കമ്പിയിൽ ശ്രുതി
മീട്ടിയല്ലോ താനേ
മീട്ടിയല്ലോ താനേ. (പൂങ്കു)

പാഞ്ഞുവരും കാറ്റുടനേ
പച്ചിലയാൽ പൂമരത്തിൽ
ചാഞ്ഞു തലയാട്ടി നിന്നു
താളമടിച്ചല്ലോ,
താളമടിച്ചല്ലോ. (പൂങ്കു)

## 25

ധഇഷ്ടപ്രേയാനോടുകൂടി നിവസിക്കുന്ന കുടുംബിനി ഭക്തിനമ്രമായ ഹൃദയത്തോടെ പറയുന്നു.പ

പൂർണ്ണചന്ദ്രമുഖനേ, നീ
പൂനിലാവു പൊഴിച്ചപ്പോൾ
ഊർന്നുവീഴും മമാശ്രുക്കൾ
തോർന്നുപോയ് ഞാനറിയാതെ. (പൂർണ്ണ)

ഏതു കയ്യോ നമ്മളുടെ
ജാതകങ്ങൾ രണ്ടുമേവം
നമ്മളേതുമറിയാതെ
തമ്മിലിണക്കിയതാവോ! (പൂർണ്ണ)

ജാതമോദം ഞാനാദ്ദിവ്യ–
ചേതനയെക്കൈതൊഴുന്നേൻ
വീതശങ്കമതിൻമുമ്പിൽ
വീണുതന്നെ നമിക്കുന്നേൻ. (പൂർണ്ണ)

## 26

ധകഴിഞ്ഞ രാത്രിയെക്കുറിച്ചു ചാടുവാക്കുകൾ പറയുന്നതിന്നിടയിൽ ഭർത്താവു സഹധർമ്മിണിയോട് ഒരു കടംകഥ പറയുകയാണ്.പ

ഇന്നലെ രാവിൽ കന്നിനിലാവിൽ
നിന്നരികത്തു വസിക്കുമ്പോൾ
കണ്ടു ഞാനൊരു കുതുകം തോഴീ,
കണ്ണാലീ ഞാൻ കണ്ടൂ. (ഇന്ന)

രണ്ടു പനിനീരിതളിൻനടുവിൽ
രണ്ടു വരിയായ് മുല്ല വിരിഞ്ഞു;
വിരിയും പൂവുകളെന്നുൾച്ചെപ്പിൽ
പരിമളഭാരം കോരി നിറച്ചു (ഇന്ന)

പൊളിയല്ലാ, പൊള്ളല്ലാ,
കളവല്ലാ, കളിയല്ലാ,
നുണയല്ലാ, കെണിയല്ലാ,
കഥയല്ല, കടങ്കഥയല്ലാ. (ഇന്ന)

## 27

ധസന്തതിയുണ്ടായിട്ടില്ലാത്തവളെങ്കിലും പ്രസന്നചിത്തയായ കുടുംബിനി പ്രഭാതത്തിൽ ഉണർന്നെഴുന്നേൽക്കുമ്പോൾ വിചാരിക്കുന്നുപ

ഉറങ്ങുവാനിനിയിപ്പോൾ
കഴികയില്ല, എന്നാൽ
കഴികയില്ല.
ഉറക്കമെൻ മിഴിയിൽനി–
ന്നകന്നുപോയീ, പറ–
പറന്നുപോയീ. (ഉറ)

തുറന്ന വാതില്ക്കൽക്കൂടി
കടന്നുവന്നൂ, സൂര്യൻ
കടന്നുവന്നൂ.
കടന്നുവന്നവനെന്നെ
പുണർന്നുണർത്തീ കയ്യാൽ
പുണർന്നുണർത്തീ. (ഉറ)

കതിരവനൊന്നിച്ചുള്ളിൽ
കടന്നുവന്നൂ, കാറ്റും

കടന്നുവന്നു.
അവനെന്റെ കാതിൽ 'ക്കുട്ടി-
ക്കുറൂ' പറഞ്ഞു, 'കുട്ടി-
ക്കുറൂ' പറഞ്ഞു. (ഉറ)

**28**

ധഅമ്മയാവനാഗ്രഹിക്കുന്ന കുടുംബിനി ചന്ദ്രികാചർച്ചിതമായ രാത്രി ആകാശത്തേയ്ക്കു നോക്കിയിരുന്നു പുളകംകൊള്ളുന്നു.പ

ചന്ദ്രികയാലേ കൊതുവല കെട്ടി
ചായുറങ്ങീ വാനം
പാതിരാപ്പൂ കണ്ണടയാതെ
കാത്തുനിന്നാളരികെ. (ചന്ദ്രി)

പാടീ പക്ഷികൾ താരാട്ടപ്പോൾ
ഓടും കുല്യകൾ തപ്പു കൊട്ടീ,
പൂതമായൊരു സൗരഭത്താൽ
പുളകംകൊണ്ടൂ മന്ദവാതം. (ചന്ദ്രി)

നിന്ന നിൽപ്പിൽ ധ്രുവനക്ഷത്രം
നിന്നു കണ്ണിമവെട്ടാതകലെ,
പാതവക്കത്തൊരു ഞൊടി നിന്നൂ
പാഞ്ഞുപോകും കാലംകൂടി. (ചന്ദ്രി)

**29**

ധഒരു പിഞ്ചുകാൽ ഉണ്ടായിക്കാണുവാൻ ആഗ്രഹിച്ചു ഭഗ്നാശയായിത്തീർന്ന കുടുംബിനിയുടെ വിചാരംപ

ഇന്നു വരും നീ നാളെ വരും നീ
മറ്റന്നാളുച്ചയ്ക്കു ചാടിവരും നീ
എന്നു നിനച്ചു വസിച്ചു ഞാ,നൊരു
ജന്മം പോയതറിഞ്ഞില്ല, ഒരു
ജന്മംപോയതറിഞ്ഞില്ല. (ഇന്നു)

കണ്ണിന്നകത്തു നീ പിച്ചനടന്നൂ
കാതിന്നകത്തു നീ കൊഞ്ചിപ്പറഞ്ഞൂ
പോക്കിരിമോനേ, അപ്പൊഴുമമ്മതൻ-
മൂക്കിനു നേരെ വന്നില്ല, നീ
മൂക്കിനു നേരേ വന്നില്ല. (ഇന്നു)

നരയും വന്നൂ, ജരയും വന്നൂ,
നാവുകുഴഞ്ഞൂ, പല്ലു കൊഴിഞ്ഞു,
അടിവയർമാത്രമുലഞ്ഞീലമ്മ-
യ്ക്കകതാരുണ്ണീ, വേവുന്നൂ, ഇ-
ന്നകതാരുണ്ണീ, വേവുന്നൂ. (ഇന്നു)

**30**

ധദുഃഖം എത്രയൊക്കെ ചവുട്ടിയാലും താഴാത്തതാണ് മനുഷ്യനിലെ ഇച്ഛാശക്തി. അതു ഭാവനകൊണ്ടു ഭൂഗോളത്തെ പിഞ്ചുകുട്ടിയാക്കിക്കളയുന്നു.പ

ആയിരം താരകക്കണ്ണു വിടർത്തി
ആകാശം നോക്കി വളർത്തിയ കുഞ്ഞേ,
ആടുക വട്ടത്തിലാടുക ചെമ്മേ,
ആട്ടം നിലയ്ക്കാത്ത പൊന്നുഴിഞ്ഞാലിൽ. (ആയി)

വാരുറ്റ നിന്മുടിച്ചാർത്തു കണ്ടമ്പോ,
മാരിക്കാറെന്നു നിനച്ചുപോയ് ഞങ്ങൾ;
ശാന്തിവിടർന്ന നിന്നാനനം കാൺകേ
ശാരദകാന്തിയെന്നോർത്തുപോയ് ഞങ്ങൾ. (ആയി)

പൂഷ്കലമന്ദസ്മിതം നീ പൊഴിക്കേ
പൂക്കാലമെന്നു ധരിച്ചുപോയ് ഞങ്ങൾ;
തൂമൃദുപ്പാവാട പാറിക്കളിക്കേ
ഹേമന്തമെന്നു വിധിച്ചുപോയ് ഞങ്ങൾ. (ആയി)

**31**

ധകച്ചവടത്തിന്നുവേണ്ടി ദൂരദേശത്തേയ്ക്കു പോയ നായകൻ വർഷങ്ങൾക്കുശേഷവും തിരിച്ചുവരാത്തതോർത്തു നിത്യഖിന്നയായി കഴിയുന്ന കുടുംബിനി നിദ്രാരഹിതമായ രാത്രി വിചാരിക്കുന്നു.പ

ലോകം മുഴുവനുറങ്ങുന്നു,
ശോകം തംബുരു മീട്ടുന്നൂ,
ഒരുത്തിമാത്രം കണ്ണടയാതീ
ഇരുട്ടിനുള്ളിലിരിക്കുന്നു. (ലോകം)

പോയീ കച്ചവടത്തിന്നെൻ
പ്രേയാനൊരു നാളുദയത്തിൽ;
തിരിച്ചു വന്നീലിന്നേവരെയൊരു
കുറിപ്പുപോലും വന്നീല. (ലോകം)

ഒരായിരം നാൾ പോയിട്ടും
വരാഞ്ഞതെന്താ നീതിജ്ഞൻ?
പറഞ്ഞ വാക്കാ പ്രണയവിലോലൻ
മറന്നുപോകാൻ വയ്യല്ലോ? (ലോകം)

**32**

ധആരാമത്തിലുലാത്തുമ്പോൾ ആ നായിക വിരിഞ്ഞു നിൽക്കുന്ന ഒരു കാട്ടുപൂവിനെ കാണുന്നു. കാട്ടുപൂ തന്നോടു ചോദിക്കുന്നതായി അവൾക്കു തോന്നുന്നു: ‘മൊട്ടായിരുന്ന സമയത്ത് എന്റെ ചുറ്റും വെറുതെ വന്നു ചുറ്റിപ്പറന്ന വണ്ടിനെ ഇപ്പോൾ എന്തുകൊണ്ടു കാണുന്നില്ല?’’പ

കാത്തിരുന്നു കാത്തിരുന്നു തോറ്റുപോയി ഞാൻ
കാട്ടിലെപ്പൂവല്ലിയെ നീ വിസ്മരിച്ചുവോ? വണ്ടേ
വിസ്മരിച്ചുവോ?
താങ്കൾ വിസ്മരിച്ചുവോ? (കാത്തി)

പട്ടിതളണിഞ്ഞ നാളിൽ
മൊട്ടുകൾ കിളർന്ന നാളിൽ
കാട്ടിലേയ്ക്കു തേടിവന്നു
പാട്ടു മൂളി നിന്നവനേ! (കാത്തി)

സൂരനസ്തമിച്ചനേരം
താരകൾ ചിരിച്ചനേരം
ഇരുളിൽ മൂഢനായി നിന്നു
ശരണമറ്റു കേണവനേ! (കാത്തി)

**33**

ധമധുമാസരാത്രിയിൽ പുഴവക്കത്തുനിന്നൊരു പാട്ടു കേൾക്കുന്നു. അതു തന്റെ ഭർത്താവിന്റെ ശബ്ദമാണെന്നു സംശയിക്കുന്ന നായിക തോഴിയോടു പറയുന്നു.പ

പാലകൾ പൂത്ത രാവിൽ
പാലൊളിപ്പൂനിലാവിൽ
പാടുന്നതാരാറ്റിൻ

തീരഭൂവിൽ? തോഴീ,
പാടുന്നതാരാറ്റിൻ
തീരഭൂവിൽ? (പാല)

സ്വപ്നത്തിൻ മേഖലയിൽ
സ്വർഗ്ഗത്തിൻ വേദികയിൽ
സ്വച്ഛന്ദസഞ്ചാരം
ചെയ്വതാരോ? തോഴീ,
സ്വച്ഛന്ദസഞ്ചാരം
ചെയ്വതാരോ? (പാല)

മാമകചേതനയിൽ
മാലിന്റെ ചോദനയിൽ
മാൺപുറ്റ തേന്മാരി
ആർ പൊഴിപ്പൂ? തോഴീ,
മാൺപുറ്റ തേന്മാരി
ആർ പൊഴിപ്പൂ? (പാല)

**34**

ധവിരഹതാപത്തിന്റെ പരമകാഷ്ഠ പ്രാപിച്ച നായികയോടു ഗ്രാമം മുഴുവൻ സഹതപിക്കുന്നു. വിവരം ആരാമത്തിലിരുന്നുകൊണ്ടു സഖിയോടു പറയുകയാണ് നായിക.പ

പ്രേമദീപം പൊലിഞ്ഞു തോഴീ......
ഭീമമേതോ ചണ്ഡമരുത്താൽ
പ്രേമദീപം പൊലിഞ്ഞു തോഴീ,
നമിഷംകൊണ്ടെൻ ഹൃന്നഭസ്സിൽ
തിമിരം വന്നു നിറഞ്ഞു തോഴീ. (പ്രേമ)

മ്ലാനം മാമകവദനം കാൺകെ
കാണുന്നവരും കരയുന്നു.
മൂകം മാമകസദനം പൂകി
ശോകം പാന്ഥർ പകുക്കുന്നു. (പ്രേമ)

ആയായ്, എന്തിനു കള്ളം പറവൂ
നീയെന്നോടു കളിത്തോഴീ?
പോയാൽ പോയീ – തിരികെ വരില്ലീ
മായാഭൂമിയിൽ യാതൊന്നും. (പ്രേമ)

**35**

ധവിഷാദമൂർച്ഛയിൽ നായകനെത്തേടി വീടുവിട്ടിറങ്ങുകയാണ് നായിക.പ

വിടർന്നുനില്ക്കും പനിനീർപ്പൂവേ,
വിടചോദിപ്പാൻ വന്നേൻ..... നിന്നൊടു
വിടചോദിപ്പാൻമാത്രം:
തിരിച്ചുവരുവാനിടയില്ലിനിയീ
ഗ്രാമഭൂവിൽ ഞാൻ. (വിട)

വന്നാലും ഞാൻ പൂവേ,
നിന്നെക്കാണുകയില്ല;
വരുന്നതിൻമുമ്പയ്യോ താഴെ
കൊഴിഞ്ഞു വീഴും നീ, മണ്ണായ്–
ക്കഴിഞ്ഞിരിക്കും നീ. (വിട)

എന്നാലും ഞാൻ നിന്നെ
എന്നുമോർമ്മയിൽ വെയ്ക്കും.
എന്തു സുരഭിലഭംഗി! നിന്നാ–
ലെന്നുൾക്കണ്ണു വിടർന്നൂ..... വറ്റാ–

കണ്ണുനീരുമുറന്നു. (വിട)

**36**

ധതിരികെ വന്ന നായകൻ ഒഴിഞ്ഞുകിടക്കുന്ന വീടു കണ്ടു ഞെട്ടുന്നു; പോകുന്നു എന്നു പറയുകപോലും ചെയ്യാതെ എങ്ങോട്ടോ പോയ്ക്കളഞ്ഞ നായികയെ ഓർത്തു നിത്യദുഃഖത്തിലാപതിക്കുന്നു; ഏകാന്തതയിലിരുന്നു ചിന്തിക്കുന്നു.പ

നിന്നെക്കുറിച്ചു നിനയ്ക്കുമ്പൊഴേയ്ക്കെന്റെ
കണ്ണുനീരൂറുന്നു; തോഴീ,
കണ്ണുനീരൂറുന്നു.
ഊറുന്ന കണ്ണുനീരെത്ര തുടച്ചാലും
തോരാതെ നില്ക്കുന്നു, കല്ലായ്
തോരാതെ നില്ക്കുന്നു (നിന്നെ)

യാത്രയ്ക്കിണങ്ങുന്ന പട്ടുടുപ്പിട്ടില്ല,
യാത്ര പറഞ്ഞില്ല, ഹാ, നീ
യാത്ര പറഞ്ഞില്ല.
എന്തിന്നു പോയി നീ, എങ്ങോട്ടുപോയീ നീ,
ഒന്നു മറിഞ്ഞില്ല, ഈ ഞാ–
നൊന്നുമറിഞ്ഞില്ല. (നിന്നെ)

ആദർശസൗവർണ്ണരാഗം പടർന്നെഴും
ആനന്ദസാമ്രാജ്യം, നമ്മൾതൻ
ആനന്ദസാമ്രാജ്യം
കയ്യിലിരിക്കുന്ന കണ്ണാടിയെന്നപോൽ
കല്ലിൽ പതിച്ചല്ലോ, കരി–
ങ്കല്ലിൽ പതിച്ചല്ലോ. (നിന്നെ)

**37**

ധജീവിതവേദനകൊണ്ടു പൊറുതിമുട്ടിയ സ്ത്രീ സംഗീതത്തെ അഭയം പ്രാപിക്കുന്നു. സർപ്പത്തിന്റെ കൊത്ത് മാരകമാണ്; സംഗീതത്തിന്റേത് ഓജസ്കരമത്രേ.പ

ആടു സ്വർണ്ണനാഗമേ, വിള–
യാടൂ സ്വർണ്ണനാഗമേ!
മാനവഹൃദയസദസ്സിൻ ചെവിയിൽ
തേനലചിന്തും മുളതൻ തുളയിൽ (ആടൂ)

നാഴികതോറും നിമിഷം തോറും
നവനവസൗഭഗരുചിയോടെ
വിടരുന്നൂ നിൻ തലയിൽപ്പത്തികൾ
വിടരും കൈതപ്പൂപോലെ. (ആടൂ)

നിന്നുടെ കൊത്താൽ പിടയും കരളിൻ
പുണ്യവിപാകം നിരവദ്യം.
കൊത്തിയെടുക്കുകയല്ലോ നീയാ
മർത്ത്യമനസ്സിൻ കദനത്തെ. (ആടൂ)

**38**

ധയാദൃച്ഛികമായി, അതിലും വിശേഷിച്ച് ആദ്യമായി, അരങ്ങത്തേയ്ക്കു ക്ഷണിക്കപ്പെടുകയാണ് ഗായിക. വേണമോ വേണ്ടയോ? ഭാവി മുഴുവൻ ഒരു നിമിഷത്തിന്മേൽ തൂങ്ങിനില്ക്കുന്നു.പ

വീണ തന്നാൽ പാടാമോ, മണി–
വീണ തന്നാൽ പാടാമോ?
ചിലങ്ക തന്നാൽ ആടാമോ, കാൽ–
ച്ചിലങ്ക തന്നാൽ ആടാമോ? (വീണ)

പാടാമെന്നു പറഞ്ഞവരാരും
പാടാൻകാലത്തു വന്നീല;
ആടാമെന്നു പറഞ്ഞവരാരും
ആടാൻകാലത്തു വന്നീല. (വീണ)

സദസ്സിരിപ്പൂ പ്രതീക്ഷയോടെ;
സമയം പോണൂ സുന്ദരീ!
കിട്ടിയ ഭാഗ്യം മറ്റൊരു ദിവസം
കിട്ടുകയില്ലാ സുന്ദരീ! (വീണ)

## 39

ധനായികയെത്തേടി ഇറങ്ങിയ നായകൻ അവസാനം അവളെ അങ്ങോട്ടു കണ്ടു. പക്ഷേ നേരിട്ടു ചെല്ലാൻ സാധിച്ചില്ല. നാഗരികസദസ്സിന്റെ മധ്യത്തിൽ ഉന്നതപീഠത്തിലിരുന്നു പാടുന്ന നായികയുടെ മുമ്പിൽ നായകന്നേതോ അധമബോധം.പ

രാഗാലാപത്താലേ നല്ലനു–
രാഗം തൂകും ബാലേ,
കയ്യടിച്ച സദസ്സിൻ പിന്നിൽ
കാണ്മിതോ നീയെന്നെ? (രാഗാ)

ഇരുകുഞ്ഞിക്കൈ കോർത്തിണക്കീ–
ട്ടിരുകുഞ്ഞിക്കൈ വീശി
പാഞ്ഞുനടന്നൂ പണ്ടിരുചിറകിൽ
പാറും കിളിപോൽ നമ്മൾ. (രാഗാ)

കാലം മാറി; നിന്നെപ്പേറി
കളസംഗീതം പാറീ.
താണുപോയ് ഞാൻ, താഴെപ്പുഴിയിൽ
വീണു പട്ടം പോലെ. (രാഗാ)

## 40

ധഏകാന്തദുഃഖത്തിന്റെ കല്ലും മുള്ളും ചവിട്ടിമെതിച്ചു തീർത്ഥാടനം ചെയ്യുകയാണ് നായകൻ. വഴിക്ക്, ദുഃഖത്താൽ ഇരുണ്ട ഹൃദയത്തിലേയ്ക്ക് ഒരു സന്ധ്യാസമയത്തെ നക്ഷത്രം അൽപ്പം വെളിച്ചം വീശുന്നു. പക്ഷേ നിഷ്ഫലം!പ

ആരോ തൊട്ടു വിളിക്കുന്നതെന്നെ
ആരാരോ കെട്ടിപ്പിടിക്കുന്നതെന്നെ
അന്തിനക്ഷത്രമേ, നീയോ? ഓഹോ,
ആനന്ദസാരമേ, നീയോ? (ആരാ)

ആശിച്ചിടുന്നു ഞാൻ നിന്നൊടുകൂടി
ആകാശഗംഗാതരംഗിണിയിങ്കൽ
ആയിരമാണ്ടുകൾ നീന്തിത്തുടിക്കാൻ,
ആണ്ടു ലയിച്ചിടുവാനും (ആരാ)

ആവതില്ലാവതില്ലാവതില്ലല്ലോ
ആശയ്ക്കു കുഞ്ഞിച്ചിറകു വിരുത്താൻ;
ആഴിപോലെന്നെച്ചുഴന്നു നിൽക്കുന്നൂ
ഊഴിതൻ ക്രൂരാന്ധകാരം. (ആരാ)

## 41

ധവഴിക്കവൻ ഒരു കുയിലിനെ കണ്ടു. പണ്ടു കേട്ട കുയിൽനാദങ്ങളുടെ മാസ്മരശക്തി ഓർമ്മവന്നു. അതു മാത്രമേ ഓർമ്മവന്നുള്ളൂവെങ്കിൽ എത്ര നന്നായിരുന്നു!പ

കറിവേപ്പുമരത്തിന്മേൽ
കളിയാടി രസിക്കുന്ന
കരിനീലക്കുയിലേ, നീ
പുഞ്ചനെല്ലുണ്ണുന്ന

തേഞ്ചുണ്ടാലിത്തിരി
പഞ്ചമം പാടാമോ..... കുളിർ–
പ്പഞ്ചമം പാടാമോ? (കറി)

പണ്ടു നീ പാടിയ
പാട്ടിന്റെ വീർപ്പിൽ ഞാൻ
പാറി നടന്നപ്പോൾ
കണ്ടു ഞാൻ ദൂരത്തെ
കണ്ണീർത്തടാകത്തിൽ
കാഞ്ചന സ്വർല്ലോകം....ഒരു
കാഞ്ചന സ്വർല്ലോകം. (കറി)

കണ്ടൊരാ ലോകത്തിൽ
കണ്ണടച്ചേകനായ്
കാലമുറങ്ങുമ്പോൾ
ഉണ്ടായതെന്തെന്നു
രണ്ടാമതോതുവാൻ
ചുണ്ടിന്നു വയ്യല്ലോ. (കറി)

**42**

ധഇല്ല, ഇനി ആ സംഗീതവിദുഷി തന്റെ കൂടെ വരികയില്ല. എങ്കിലും നിശ്ശബ്ദഹൃദയം ഒരിക്കൽകൂടി ശബ്ദിച്ചു പോകുന്നു: നീയെന്തറിഞ്ഞു, തോഴീ!പ

തിരികെ വരുമോ തോഴീ, നീയിനി
തിരികെ വരുമോ തോഴീ?
പിരിയുകയാണെന്നുരിയാടാതെ
പിരിഞ്ഞുപോകാനെന്തേ? (തിരി)

നോവും പേറിക്കൂന്നു മാമക–
ജീവനിരുട്ടിൽ വാഴ്കേ
പൂഴി പുരണ്ടൂ വാടിയ മുല്ല–
പ്പൂപോൽ കൊഴിയും സ്വപ്നം. (തിരി)

കാലെൻ തലയിലമർത്തും നാളുകൾ
കടന്നുപോകും പോക്കിൽ
കണ്ണുനീരിൻ തുള്ളികൾ ചേർന്നൊരു
കടലുണ്ടായെൻ മുന്നിൽ. (തിരി)

**43**

ധഅവസാനം ജീവാത്മാവു പരാൽപരചേതനയെ അന്വേഷിക്കുകയായി. വ്യാമോഹത്തിന്റെയും നൈരാശ്യത്തിന്റെയും പരമ്പരയെ പ്രയത്നത്തിൽനിന്നുളവാകുന്ന ഉത്സാഹം കീഴടക്കുന്നു; ആതൊരു വാടാത്ത മന്ദസ്മിതമായി വിടരുന്നു.പ

അമ്പടി കേമീ, അമ്പടി കേമീ,
അമ്പടി കേമീ അമ്പടി കേമീ,
അമ്പടി കേമീ, നിന്നാലെൻ കരൾ
തുമ്പിയുറങ്ങതറിഞ്ഞില്ലേ? (അമ്പ)

നാട്ടിലും വീട്ടിലും തേടി നടന്നൂ,
കാട്ടിലും മേട്ടിലും ചെന്നു തിരഞ്ഞു,
കണ്ടില്ല, നിന്നെക്കണ്ടില്ല, മേലിൽ–
ക്കാണുന്ന മട്ടും കണ്ടില്ല. (അമ്പ)

ആയിരമായിരം നാഴിക ചെന്നിട്ടും
ആഴികളേഴും താണ്ടിക്കഴിഞ്ഞിട്ടും
ആകാശത്തു പറന്നിട്ടും നെഞ്ചി–
ലാശിച്ച നിന്നെ ഞാൻ പൂണ്ടില്ല. (അമ്പ)

നിൻചിരി കേട്ടു ഞാൻ നിൻമൊഴി കേട്ടു ഞാൻ,
നിൻനെടുവീർപ്പിനെക്കെട്ടിപ്പിടിച്ചുഞാൻ,
എത്തീല നിൻകുടിലെത്തീല, പക്ഷേ,
മുത്തീല നിന്നെ ഞാൻ മുത്തീല. (അമ്പ)

**44**

ധവിഭ്രാന്തചേതനനായ നായകൻ ദിവംഗതനായി; അവന്റെ ശവകുടീരത്തിൽനിന്നു മടങ്ങിവരുന്ന നായിക സഖിയോടു പറയുന്നു.പ

പ്രേമത്തിൻ പൂനിലാവിൽ
പ്രേയാനെ കിനാവു കണ്ടു
ഞെട്ടിയുണർന്നു കരൾ
പൊട്ടിക്കരഞ്ഞുപോയ് ഞാൻ. (പ്രേമ)

അദ്ദേഹം വിശ്രമിക്കും
ആറടിത്തറയിലെത്തി
തളരുന്ന മുട്ടു കുത്തി
ശിലപോലെയിരുന്നു തോഴീ! (പ്രേമ)

പേടിയെന്നെ തീണ്ടിയില്ല
ആദിത്യനുദിക്കുവോളം:
നീയരികിലില്ലെന്നു
നിശ്ശേഷം മറന്നു തോഴീ! (പ്രേമ)

**45**

ധനായികയ്ക്കു തന്റെ കലോപജീവിത്വത്തിലും മനശ്ശാന്തിയില്ലതായിരിക്കുന്നു. അവളതിനോടു വിടവാങ്ങുന്നു.പ

അഴിച്ചു വെച്ചൂ പൊൻകിരീടം,
അഴിച്ചു വെച്ചൂ കാൽച്ചിലങ്ക,
എന്നുമെന്നും കയറില്ലിനി ഞാൻ
നാട്യവേദിയിൽ. (അഴി)

മനയോല തേച്ചു തേച്ചു
മറ്റൊന്നായെൻ കപോലം;
അഭിനയിച്ചഭിനയിച്ചെൻ
ആത്മഭാവം നഷ്ടമായി (അഴി)

ഇനിയും വയ്യീയുമിത്തീ–
ക്കനലിൽ കിടന്നു വേവാൻ;
ഒന്നു നിശ്വസിക്കട്ടേ
വെണ്ണീറായിടും മുമ്പേ (അഴി)

**46**

ധനായികയുടെ ഹൃദയം നിത്യതയുടെ മുമ്പിൽ കൈകൂപ്പിനില്ക്കുന്നു.പ

അഭയം, അഭയം, അരുളുക ദേവീ,
ആദിജീവപ്രകൃതീ, ജനനീ!
വിഷയബന്ധവിവശം ഹൃദയം.
വിഹ്വലം വിദാരിതം. (അഭ)

നഗ്നദൃഷ്ടികൊണ്ടീ പാരിൻ
നശ്വരത കണ്ടുവേ ഞാൻ:
ഭഗ്നമെന്റെ നിഖിലാഹം–
ഭാവവും ഹാ വിറക്കൊൾവൂ. (അഭ)

കാമക്രോധലോഭമോഹ
മദമാത്സര്യലീനം

ഭീമമെന്റെ ജീവനെ ഞാ–
നിന്നു കണ്ടു നടുങ്ങുന്നു. (അഭ)